LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ ഡിവൈ.എസ്.പി. ഓഫീസിനും പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം

106 (3133) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഡിവൈ.എസ്.പി. ഓഫീസ്, ട്രാഫിക് കൺട്രോൾ റൂം, പോലീസ് സ്റ്റേഷൻ എന്നിവ ഒറ്റ കോമ്പൗണ്ടിൽ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ഡി.വൈ.എസ്.പി. ഓഫീസിനും പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

മിത്രം സ്മാർട്ട് കിയോസ്ക്

107 (3134) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് മിത്രം സ്മാർട്ട് കിയോസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്മാർട്ട് കിയോസ്ക്കുകളിലൂടെ എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നത്; വ്യക്തമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. മിത്രം സ്മാർട്ട് കിയോസ്ക്കുകൾ വഴി പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് പോകാതെ കിയോസ്കിലൂടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ആവശ്യമെങ്കിൽ പോലീസ് ഉദ്യോഗസ്ഥരുമായി വീഡിയോ/ ആഡിയോ കോൺഫറൻസിംഗിലൂടെ ആശയവിനിമയം നടത്തി പരാതി നൽകാനും സാധിക്കുന്നതാണ്.

(സി) ഇവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളുടെ പ്രവർത്തന പുരോഗതി പരിശോധിച്ച് വിലയിരുത്തിയതിനുശേഷം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) പോലീസ് സ്റ്റേഷനുകളുമായും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുമായും പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിനായി കൂടുതൽ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും സംസ്ഥാനത്ത് എവിടെ നിന്നും പരാതി സമർപ്പിക്കുന്നതിന് 'അപരാജിത ഓൺലൈൻ' പോർട്ടൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സൗജന്യഭക്ഷ്യ കിറ്റിനുള്ള തുണിസഞ്ചി വാങ്ങിയതിൽ അന്വേഷണം

108 (3135) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൗജന്യ ഭക്ഷ്യകിറ്റിനുള്ള ഒന്നര ലക്ഷം തുണിസഞ്ചി പർച്ചേസ് ഓർഡർ ഇല്ലാതെയും മറ്റൊരു സംസ്ഥാനത്തെ രേഖകൾ ചമച്ചും സിവിൽ സപ്ലൈസ് ഡിപ്പോയിൽ എത്തിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1788/21 U/s 511, 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും സംഭവത്തിന് ആധാരമായ delivery note വ്യാജമാണോ എന്നും പ്രസ്തുത delivery note-ൽ പാരമർശിക്കുന്ന വാഹന നമ്പർ കേന്ദ്രീകരിച്ചും അന്വേഷണം നടത്തിവരുന്നു.

(സി) ഇതിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളതെന്നും ഏത് സ്ഥാപനത്തിന്റെ പേരിലാണ് തട്ടിപ്പ് നടത്തിയതെന്നും വിശദമാക്കാമോ?

കേസ്സിൽ പ്രതികളെ കണ്ടെത്തിയിട്ടില്ല. Kerala Educational and Employment Society എന്ന സ്ഥാപനത്തിന്റെ പേരിലാണ് തട്ടിപ്പ് നടത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് പോലീസിന് ലഭിച്ചിരുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഒരു പരാതി മാത്രമാണ് പോലീസിന് ലഭിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1788/21 രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly